**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 198** **13-02-2024 - ൽ മറുപടിയ്ക്ക്**

**മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ ഏജന്റുമാർ മുഖാന്തിരം ഉയർന്ന പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപങ്ങൾ സ്വീകരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. Indian Co-operative Credit Society Limited എന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിനെതിരെ അമിത പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപം സ്വീകരിക്കുന്നു എന്നത് ഉൾപ്പെടെയുള്ള വിവിധ പരാതികൾ 50-ാമത് സ്റ്റേറ്റ് ലെവൽ കോ-ഓഡിനേഷൻ കമ്മിറ്റി മീറ്റിംഗിന്റെ (50th SLCC Meeting) പരിഗണനയ്ക്ക് വരുകയും ആയതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ(ജനറൽ) നടത്തിയ പരിശോധനയുടെ റിപ്പോർട്ട് റിസർവ് ബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് ലഭിച്ച എല്ലാ പരാതികളിന്മേലും അന്വേഷണം നടത്തുന്നതിന് എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>നിക്ഷേപങ്ങൾക്ക് റിസർവ് ബാങ്കിന്റെ അംഗീകാരമുണ്ടെന്നും നിക്ഷേപങ്ങൾ സുരക്ഷിതമാണെന്നും പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് Bharath Lajhna Multistate Housing Cooperative Society (BLMSHCS) എന്ന മൾട്ടി സ്റ്റേറ്റ് സംഘത്തിന്റെ കണ്ണൂർ ബ്രാഞ്ച് അംഗങ്ങളല്ലാത്ത പൊതുജനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതായുള്ള പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംഘത്തിന്റെ കണ്ണൂരിലെ 4 ശാഖകളിൽ പരിശോധന നടത്തിയതിന് ശേഷം ലഭിച്ച റിപ്പോർട്ട് സെൻട്രൽ രജിസ്ട്രാറിനും റിസർവ് ബാങ്കിനും സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പരിശോധനാ റിപ്പോർട്ട് തൃപ്തികരമല്ലെന്ന് 58-ാമത് സ്റ്റേറ്റ് ലെവൽ കോ-ഓഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ (58th SLCC Meeting) പരാമർശം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ടി മൾട്ടിസ്റ്റേറ്റ് സംഘത്തിന്റെ കണ്ണൂരിലെ 7 ശാഖകളിൽ വീണ്ടും പരിശോധന |

| | | | |
|---|---|---|---|
| | | | നടത്തുകയും അതിന്റെ പ്രാഥമിക റിപ്പോർട്ട് 59-ാമത് സ്റ്റേറ്റ് ലെവൽ കോ-ഓഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ (59th SLCC Meeting) സമർപ്പിച്ചിട്ടുള്ളതുമാണ്. ഭാരത് ലജന മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനം പിരിച്ചെടുക്കുന്ന പണം കൈകാര്യം ചെയ്യുന്നതിനായി ബിനാമി പേരിലുള്ള സ്ഥാപനങ്ങളെ ഉപയോഗിക്കുന്നതായും പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം നിരീക്ഷിക്കേണ്ടത് അനിവാര്യമാണെന്നുമുള്ള പരാതി സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2002 ലെ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ വകുപ്പ് 108 പ്രകാരം മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ അക്കൗണ്ട് ബുക്കുകളും മറ്റ് പ്രവർത്തനങ്ങളും സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് കേന്ദ്ര സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാറിന് പ്രസ്തുത സംഘങ്ങളിൽ പരിശോധന നടത്തുന്നതിന് സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറിന് അധികാരമുണ്ടെങ്കിലും ടി സംഘങ്ങളുടെ മേൽ നടപടി സ്വീകരിക്കുന്നതിന് യാതൊരുതരത്തിലുള്ള അധികാരങ്ങളും ഇല്ലാത്തതാണ്. |
| (ബി) | മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ സർക്കാരിന്റെ എൻ.ഒ.സി. ആവശ്യമാണോ; എങ്കിൽ വിശദമാക്കുമോ? | (ബി) | കേന്ദ്ര സർക്കാരിന്റെ 2016, ആഗസ്റ്റ് 16 ലെ വിജ്ഞാപന പ്രകാരം മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം ചട്ടം (3) (ജി) (i) ആയി മൾട്ടി സ്റ്റേറ്റ് വായ്പാ/ വിവിധോദ്ദേശ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് അതാത് സംസ്ഥാനങ്ങളിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കേണ്ടതാണെന്നും നിലവിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തന പരിധി മറ്റ് സംസ്ഥാനങ്ങളിലോ കേന്ദ്ര ഭരണ പ്രദേശത്തോ വ്യാപിപ്പിക്കുന്നതിന് അതാത് സംസ്ഥാനങ്ങളിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. കേന്ദ്ര സഹകരണ സംഘം രജിസ്ട്രാറുടെ കത്ത് പ്രകാരം ഒരു മൾട്ടിസ്റ്റേറ്റ് സഹകരണ സംഘം ശാഖകൾ ആരംഭിക്കുന്നതിനായി സംഘത്തിന്റെ ഹെഡ് ആഫീസ് സ്ഥിതി ചെയ്യുന്ന സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറിൽ നിന്നും അംഗങ്ങളല്ലാത്തവരിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നില്ല എന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നും അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നിലവിൽ കേരള സഹകരണ സംഘം രജിസ്ട്രാർ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് എൻ.ഒ.സി നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ